# പാറശ്ശാല

ഭദ്രാസന ബുള്ളറ്റിൻ

വാല്യം 6 ലക്കം 4 ആഗസ്റ്റ് – സെപ്തംബർ 2023



## പാറശ്ശാല ഭദ്രാസന ദിനാഘോഷം

(2023 സെപ്തംബർ 3)



വന്ദ്യ മോൺ. ജോസഫ് കുഴിഞ്ഞാലിലച്ചൻ അനുസ്മരണം



എം.സി.എ. പാറശ്ശാല ഭദ്രാസനതല സമിതി സംഘടിപ്പിച്ച മാർ ഈവാനിയോസ്
അനുസ്മരണം അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് പിതാവ് ഉദ്ഘാടനം ചെയ്യുന്നു



കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെ പാറശ്ശാല ഭദ്രാസനതല
ഭാരവാഹികൾ അഭിവന്ദ്യ പിതാവിനോടൊപ്പം

# പാറശ്ശാല

## ഭദ്രാസന ബുള്ളറ്റിൻ

വാല്യം 6 ആഗസ്റ്റ് – സെപ്തംബർ 2023 ലക്കം 4

*Patron*
His Excellency
Thomas Mar Eusebius

*Chief Editor*
Fr. Abin Mullackal

*Managing Editor*
Msgr. Selin Jose
Konathuvila

*Printed & Published By*
Very Rev. Fr. Bijoy
Ooralivila

*(Private Circulation Only)*

ഉള്ളടക്കം

| | |
|---|---|
| സർക്കുലർ | 2 |
| സർക്കുലർ (സണ്ടേസ്കൂൾ ദിനം – 2023) | 6 |
| സഭാ വാർത്തകൾ | 10 |
| ഭദ്രാസന വാർത്തകൾ | 11 |
| Bishop's Charity Fund | 13 |
| എം.സി.വൈ.എം. | 21 |
| എം.സി.എ. | 26 |
| കെ.സി.എസ്.എൽ. | 27 |
| ക്ഷേമ | 28 |
| മാതൃവേദി | 31 |
| സുവിശേഷസംഘം | 34 |

# THE SYRO-MALANKARA CATHOLIC CHURCH
DIOCESE OF PARASSALA

**THOMAS MAR EUSEBIUS**
Bishop Parassala

Catholic Bishop's House
Ayira P.O., Kudayal
Parassala - 695502

No. PL 2/2023 04-09-2023

## സർക്കുലർ

ബഹുമാനപ്പെട്ട വൈദികരെ, സന്യസ്തരെ, പ്രിയവിശ്വാസികളെ,

പാറശ്ശാല ഭദ്രാസനം രൂപീകൃതമായിട്ട് അനുഗ്രഹീതമായ ആറു വർഷങ്ങൾ നാം പിന്നിട്ടു. ഭദ്രാസന സ്ഥാപനത്തിന്റെ ആറാം വാർഷികാഘോഷം നമ്മുടെ ഭദ്രാസനത്തിന്റെ സ്വർഗീയ മധ്യസ്ഥയായ കൽക്കട്ടയിലെ വിശുദ്ധ തെരേസ-മദർതെരേസയുടെ തിരുനാളിനോടനുബന്ധിച്ച് ഈ മാസം രണ്ടാം തീയതി നാം ആഘോഷിക്കുകയുണ്ടായല്ലോ. നമ്മുടെ എല്ലാ ഇടവകകളിൽ നിന്നുമുള്ള പ്രതിനിധികളുടെയും സന്യസ്ഥരുടെയും വൈദികരുടെയും സാന്നിധ്യം കൊണ്ട് ഭദ്രാസന ദിനം അർത്ഥപൂർണ്ണമായി ആഘോഷിക്കുവാൻ നമുക്ക് സാധിച്ചു. നിങ്ങളുടെ സഹകരണത്തിന് ഞാൻ നിങ്ങളോടുള്ള നന്ദി അറിയിക്കുന്നു. അതോടൊപ്പം ഭദ്രാസനതല ജീവകാരുണ്യപ്രവർത്തനങ്ങൾക്കായി നാം സമാഹരിക്കുന്ന ഫണ്ടിലേക്ക് നിങ്ങൾ ഏവരും നൽകിയ സംഭാവനകൾക്കും ആത്മാർത്ഥമായ നന്ദി.

ദൈവത്തിന്റെ ഒരു അനന്തമായ സ്നേഹ പരിപാലനയിൽ നിറവേറിയ ഒരു ദൈവികപദ്ധതിയായിരുന്നു ഭദ്രാസനസ്ഥാപനം എന്നത് കഴിഞ്ഞ ആറുവർഷങ്ങളിലെ നമ്മുടെ അനുഭവങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. ഭദ്രാസന സംസ്ഥാപനവേളയിൽ മാനുഷികമായ പല ഉൽക്കണ്ഠകളും സന്ദേഹങ്ങളും നമ്മെ അലട്ടിയിരുന്നു. വൈവിധ്യമാർന്ന നിരവധി പരിമിതികളുടെ മധ്യേയാണ് നാം ഭദ്രാസന ശുശ്രൂഷകൾ ആരംഭിച്ചത്. വൈദികരുടെ രൂക്ഷമായ ദൗർലഭ്യം, നമ്മുടെ സമർത്ഥരായ

കുഞ്ഞുങ്ങൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുവാൻ ആവശ്യമായ ഭദ്രാസനതല വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അഭാവം, നമ്മുടെ ഭദ്രാസനത്തിലെ അഭ്യസ്തവിദ്യർക്ക് യോഗ്യമായ ജോലി സാധ്യതകൾ ഇവിടെ ലഭ്യമല്ലാത്ത അവസ്ഥ, ഭദ്രാസനത്തിന്റെ അനുദിന ചിലവിനും അടിസ്ഥാന സൗകര്യക്രമീകരണങ്ങൾക്കും ആവശ്യമായ സാമ്പത്തിക സ്രോതസ്സുകളുടെ അഭാവം, ഇവയെല്ലാം ഭദ്രാസനാരംഭവേളയിൽ നാമനുഭവിച്ച പരിമിതികളിൽ ചിലതു മാത്രമായിരുന്നു. ഒരുപക്ഷേ നമ്മെ വളരെയേറെ മഥിച്ചിരുന്ന ഒരു വിഷയം സംവരണവുമായി ബന്ധപ്പെട്ട് നാമനുഭവിച്ചിരുന്ന ദാരുണമായ നീതിനിഷേധമായിരുന്നു. അതിന്റെ പരിണിതഫലമായി നമ്മുടെ ചില സഭാംഗങ്ങൾ നമ്മുടെ കൂട്ടായ്മയിൽ നിന്നും വിട്ടുപോകുവാൻ പ്രകടിപ്പിച്ച പ്രവണത നാമേവരെയും ആഴത്തിൽ വേദനിപ്പിച്ചിരുന്നു.

ഭദ്രാസന സ്ഥാപനത്തിന്റെ ആറു വർഷങ്ങൾ പിന്നിടുമ്പോൾ കഴിഞ്ഞ വർഷങ്ങളിൽ നാം അനുഭവിച്ച ദൈവപരിപാലന നമ്മെ അത്ഭുതപ്പെടുത്തുന്നതാണ്. ഒരുപക്ഷേ നാമൊക്കെ അസാധ്യമെന്ന് പോലും കരുതിയിരുന്ന സംവരണ വിഷയത്തിന് എത്ര അൽഭുതാവഹമായിട്ടാണ് ഭാഗികമായെങ്കിലും ഒരു പരിഹാരം ഉണ്ടായത്. അതിന്റെ ഫലമായി സംവരണം ലഭ്യമല്ലാത്തതിന്റെ പേരിൽ നമ്മുടെ കൂട്ടായ്മകളെ ഉപേക്ഷിക്കുവാനുള്ള നമ്മുടെ ചില സഭാംഗങ്ങളുടെ പ്രവണത തുലോം ഇല്ലാതായി എന്നുതന്നെ പറയാം. ഈയൊരു പ്രശ്നപരിഹാരത്തിന് നമ്മുടെ സ്നേഹനിധിയായ കാതോലിക്കാ ബാവാ തിരുമേനി ദൈവകരങ്ങളിൽ ഉപകരണം ആയതിനെ ഇത്തരുണത്തിൽ നന്ദിയോടെ അനുസ്മരിക്കുന്നു.

ഭദ്രാസനത്തിലെ വൈദികരുടെ ദൗർലഭ്യം വൈദിക പരിശീലന ശുശ്രൂഷയിൽ നമ്മുടെ പ്രഥമ ശ്രദ്ധയൂന്നുവാൻ നമ്മെ പ്രേരിപ്പിച്ചു. വളരെയധികം സൗകര്യങ്ങൾ ഉള്ള മനോഹരമായ ഒരു മൈനർ സെമിനാരി നിർമ്മിക്കുവാൻ ഭദ്രാസന സ്ഥാപനത്തിന്റെ ആദ്യവർഷങ്ങളിൽ തന്നെ ദൈവം ഇടയാക്കി. ഈ ആറു വർഷങ്ങൾക്കുള്ളിൽ ഭദ്രാസനത്തിനുവേണ്ടി 11 വൈദികരെ നമുക്ക് പുതിയതായി ലഭിച്ചു. ഇന്ന് നമ്മുടെ ഭദ്രാസനത്തിനുവേണ്ടി 33 ചെറുപ്പക്കാർ വൈദിക പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്നു.

നമ്മുടെ ഭദ്രാസനത്തിലെ വിദ്യാഭ്യാസ, ജോലി സാധ്യതകളുടെ ദൗർലഭ്യത്തിന് പൂർണമായല്ലെങ്കിലും സ്ഥായിയായ, പ്രത്യാശാഭരി

തമായ പരിഹാരമാണ്, സാന്തോം എയ്ഡഡ് കോളേജും വെങ്ങാനൂരിലെ ഹയർ സെക്കൻഡറി സ്കൂളും. ഈ രണ്ട് വിദ്യാഭ്യാസ സ്ഥാപനങ്ങളും സ്വന്തമാക്കുന്നതിനും അവയുടെ അടിസ്ഥാന സൗകര്യങ്ങൾ തയ്യാറാക്കുന്നതിനും ഭീമമായ ഒരു തുക ചിലവാക്കേണ്ടി വന്നിട്ടുണ്ട്. നമ്മുടെ ഭദ്രാസനത്തിലെ ധാരാളം കുടുംബങ്ങൾ ഇതിനോടകം ഈ സ്ഥാപനങ്ങളുടെ നന്മയുടെ ഉപഭോക്താക്കൾ ആയിട്ടുണ്ട്. നമ്മുടെ ചെറുപ്പക്കാർക്കും അഭ്യസ്തവിദ്യർക്കും ജോലി സാധ്യതകൾ കണ്ടെത്തുവാനുള്ള ശ്രമത്തിന്റെ ഭാഗമായാണ് വെങ്ങാനൂരിൽ പെൺകുട്ടികൾക്കായി പ്ലസ് ടു കോഴ്സും ജർമ്മൻ ഭാഷാപഠനവും ഒന്നിച്ച് നടത്തുവാൻ സാധിക്കുന്ന ഒരു ഹോസ്റ്റൽ ആരംഭിച്ചതും ആൺകുട്ടികളെ ഗൾഫ് നാടുകളിൽ ജോലി കണ്ടെത്താൻ സഹായിക്കുന്ന പദ്ധതി ആരംഭിച്ചതും.

ഭദ്രാസനത്തിൽ കൂടുതൽ വിദ്യാഭ്യാസ - ജോലി സാധ്യതകൾ സൃഷ്ടിക്കുവാൻ ശ്രമിക്കുന്നതിനോടൊപ്പം തന്നെ ഭദ്രാസനതല ശുശ്രൂഷകൾക്ക് ആവശ്യമായ പല അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിക്കുന്നതിനും നാം ശ്രമിച്ചിട്ടുണ്ട്. മനോഹരമായ ഒരു ഭദ്രാസന ദൈവാലയവും അതിനോട് ചേർന്ന് സൗകര്യപ്രദമായ ഒരു വൈദിക മന്ദിരവും ദൈവത്തിന്റെ പരിപാലനയിൽ നമുക്ക് ലഭ്യമായി. നമ്മുടെ ഭദ്രാസനം കടന്നുപോകുന്ന കടുത്ത സാമ്പത്തിക സമ്മർദ്ദത്തിന്റെ മധ്യത്തിൽ പോലും ഈ നന്മകളെല്ലാം സംജാതമാക്കിയ ദൈവത്തിന്റെ അത്ഭുതകരമായ സ്നേഹപരിപാലനയെ നമുക്ക് നന്ദിയോടെ മഹത്വപ്പെടുത്താം

ഒരു ഭദ്രാസനം എന്ന നിലയിൽ മുൻഗണനാക്രമത്തിൽ നമ്മുടെ അടുത്ത ആവശ്യം നമ്മുടെ വിവിധങ്ങളായ ശുശ്രൂഷകളെ ഏകോപിപ്പിക്കുവാനും നമ്മുടെ ഭദ്രാസന അംഗങ്ങളുടെ ആത്മീയവും സഭാത്മകവുമായ പരിശീലന പരിപാടികൾ ക്രമീകരിക്കുവാനും സഹായിക്കുന്ന ഒരു അജപാലന കേന്ദ്രമാണ് (Pastoral Centre) വിഴിഞ്ഞത് നമുക്ക് സ്വന്തമായുള്ള വസ്തുവിൽ ഇപ്രകാരമൊരു കേന്ദ്രത്തിന്റെ നിർമ്മാണം ആരംഭിച്ച വിവരം നിങ്ങൾ ഏവരേയും അറിയിച്ചിരുന്നല്ലോ. ഈ നിർമ്മാണം അനുഗ്രഹീതമായി പൂർത്തിയാക്കുവാനുള്ള കൃപയ്ക്കായി നാം ഏവരും പ്രാർത്ഥിക്കണം. നാം ഉദ്ദേശിക്കുന്ന ഉപയോഗത്തിന് സഹായകമായ പല സൗകര്യങ്ങളുമുള്ള ഒരു സംവിധാനമാണ് വിഭാവന ചെയ്തിരിക്കുന്നത്. അതുകൊണ്ടുതന്നെ ഇതിന്റെ നിർമ്മാണ ചിലവും വളരെ

വലുതാണ്. നിങ്ങളെല്ലാവരുടെയും ഉദാരമായ സഹകരണം ഈ പദ്ധതിയുടെ പൂർത്തീകരണത്തിനായി ഞാൻ അപേക്ഷിക്കുകയാണ്. നമ്മുടെ ഭദ്രാസനം ആരംഭിച്ചതിനുശേഷം ഭദ്രാസനത്തിന്റെ അനുദിന ചിലവുകൾക്കായോ, മുകളിൽ പ്രതിപാദിച്ച പ്രത്യേക പദ്ധതികളുടെ പൂർത്തികരണത്തിനായോ ഭദ്രാസന അംഗങ്ങളെ ഇതുവരെ സാമ്പത്തികമായി പ്രയാസപ്പെടുത്തിയിട്ടില്ല എന്ന കാര്യം സ്മരിക്കുമല്ലോ (സാന്തോം കോളേജിന്റെ നിർമ്മാണത്തിനായി നമ്മുടെ ഇടവകകൾ നൽകിയ സംഭാവനയെ നന്ദിയോടെ ഓർക്കുന്നു.) അതിനാൽതന്നെ, നമ്മുടെ ഭദ്രാസനത്തിന്റെ സഭാത്മക വളർച്ചയ്ക്ക് അത്യന്താപേക്ഷിതമായ ഈ കേന്ദ്രത്തിന്റെ നിർമ്മാണത്തിൽ നമ്മുടെ എല്ലാ ഭദ്രാസനാംഗങ്ങളുടെയും നിസ്വാർത്ഥമായ സഹകരണം ഉണ്ടാകണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. ഇടവകകളായും കുടുംബങ്ങളായും വ്യക്തികളായും നിങ്ങൾ ഈ സദുദ്യമത്തെ ഔദാര്യപൂർവം പിന്തുണയ്ക്കണം. നമ്മുടെ സഭാംഗങ്ങളുടെ നന്മയും സഭാസ്നേഹവും വിശ്വാസതീക്ഷ്ണതയും ഇതിന് പിൻബലമാകും എന്ന് എനിക്കുറപ്പുണ്ട്. നിങ്ങളുടെ ത്യാഗത്തിന് ദൈവം നിങ്ങൾക്ക് തക്കതായ പ്രതിഫലം നൽകട്ടെ. നിങ്ങളുടെ സംഭാവനകൾ എത്രയും വേഗം നൽകുവാൻ സാധിച്ചാൽ അത് നിർമ്മാണ പുരോഗതിക്ക് വളരെ സഹായകമാകും. എല്ലാവർക്കും പരിശുദ്ധ ദൈവമാതാവിന്റെ പിറന്നാളിന്റെ അനുഗ്രഹങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു.

സസ്നേഹം,

+ Eusebius

✠ തോമസ് മാർ യൗസേബിയോസ്

പാറശ്ശാല രൂപതാധ്യക്ഷൻ

## മലങ്കര സുറിയാനി കത്തോലിക്കാ സഭ
## സണ്ടേസ്കൂൾ ദിനം – 2023

ബഹു. വൈദികരേ, സന്യസ്തരേ, അധ്യാപകരേ, മാതാപിതാക്കളേ, പ്രിയ മക്കളേ,

ഏവർക്കും ത്രിയേകദൈവനാമത്തിൽ വന്ദനം!

ഓഗസ്റ്റ് മാസം ആറാം തീയതി നാം ഈ വർഷത്തെ വിശ്വാസ പരിശീലന ദിനം ആചരിക്കുകയാണല്ലോ. മലങ്കര സുറിയാനി കത്തോലിക്കാ സഭയെന്ന നിലയിൽ നമ്മുടെ മക്കളെ ദൈവമക്കളായി വളർത്താൻ നാം ഒരുമിച്ച് നടത്തുന്ന സമർപ്പണം പുതുക്കുന്നതിനും ബലപ്പെടുത്തുന്നതിനും ഈ ദിനം നിമിത്തമാകട്ടെ എന്ന് ആശംസിക്കുന്നു.

വിശുദ്ധ വേദപുസ്തകത്തിലെ ത്യാഗസുരഭിലവും പ്രകാശം നിറഞ്ഞതുമായ ഒരേടാണ് മക്കബായർ പുസ്തകത്തിലെ ഒരമ്മയുടെയും ഏഴു മക്കളുടെയും രക്തസാക്ഷിത്വത്തിന്റെ വിവരണം. വേദപുസ്തകം ഈ അമ്മയുടെ പേരു പറയാത്തതുകൊണ്ട് സുറിയാനി സഭ അവരെ "എന്റെ നാമം" എന്നർത്ഥമുള്ള *ശ്മൂനി* എന്ന് വിളിച്ചു. ദൈവജനത്തെ പീഡിപ്പിച്ചിരുന്ന ദുഷ്ടനായ അന്ത്യോക്കസ് രാജാവ് ശ്മൂനിയെയും ഏഴു മക്കളെയും ബന്ധനസ്ഥരാക്കി. യഹൂദ ആചാരങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കാൻ നിർബന്ധിച്ചു. വിസമ്മതിച്ചപ്പോൾ മക്കളെ ഓരോരുത്തരെയായി അമ്മയുടെ മുന്നിൽ വച്ച് പീഡിപ്പിച്ച് വധിച്ചു. ഇളയ മകൻ മാത്രം അവശേഷിച്ചു. തന്റെ ഹിതം അനുസരിച്ചാൽ അവന് ധനവും സ്ഥാനമാനങ്ങളും അധികാരവും നൽകുമെന്ന് വാഗ്ദാനം ചെയ്തു. അവനെ പ്രലോഭിപ്പിക്കാൻ അമ്മയെ നിർബന്ധിച്ചു. സ്രഷ്ടാവായ ദൈവത്തിന്റെ കാരുണ്യം എല്ലാറ്റിലും വലുതാണെന്ന് ഓർമിപ്പിച്ചുകൊണ്ട് രക്തസാക്ഷിത്വം സ്വീകരിക്കുവാൻ മകനെ പ്രേരിപ്പിക്കുകയാണ് അമ്മ ചെയ്തത്. മകനും ഒടുവിൽ അമ്മയും രക്തസാക്ഷികളായി (2 മക്ക 7) പിൽക്കാലത്ത് റോമാ സാമ്രാജ്യത്തിൽ മതപീഡനം ഉണ്ടായപ്പോൾ ധൈര്യപൂർവം സാക്ഷ്യം നൽകാൻ ക്രൈസ്തവരെ

പ്രേരിപ്പിച്ച മാതൃകയായിരുന്നു ഇത്. ഇക്കാരണം കൊണ്ട് സുറിയാനി സഭയിൽ മാർത്താ ശ്മൂനി പുതിയ നിയമകാലത്തെ വിശുദ്ധരെപ്പോലെ ബഹുമാനിക്കപ്പെടുന്നു.

ഇക്കാലത്തും ക്രൈസ്തവർ വിശ്വാസത്തെപ്രതി പീഡിപ്പിക്കപ്പെടുന്നുണ്ട്. മണിപ്പൂരിലും മറ്റു സ്ഥലങ്ങളിലും പീഡ സഹിക്കുന്ന ക്രൈസ്തവർക്ക് ആശ്വാസവും ദൈവികമായ സഹായങ്ങളും ലഭിക്കുന്നതിന് നമുക്ക് പ്രാർത്ഥിക്കാം.

മലങ്കര കത്തോലിക്കർ ഇന്നു ജീവിക്കുന്ന പ്രദേശങ്ങളിൽ വൻതോതിലുള്ള മതപീഡനത്തിന്റെ അന്തരീക്ഷമില്ല. വിശ്വാസ പരിശീലനവുമായി ബന്ധപ്പെട്ട് ഇന്ന് കൂടുതൽ പ്രസക്തമാകുന്ന വെല്ലുവിളി അന്ത്യോക്കസ് ഇളയമകന് വാഗ്ദാനം ചെയ്യുന്ന ധനവും സ്വാധീനവും അധികാരവുമാണ്. ചെറിയ ക്ലാസുകൾ മുതൽ ഉയരങ്ങളിലെത്താനുള്ള മത്സരമായി ഇന്നത്തെ പൊതുവിദ്യാഭ്യാസ രംഗം മാറിയിട്ടുണ്ട്. ഏത് വിധേനെയും മറ്റുള്ളവരെ പിന്നിലാക്കി സ്വന്തം ജീവിതവഴി സുരക്ഷിതമാക്കാൻ നമ്മുടെ മക്കൾ അറിഞ്ഞോ അറിയാതെയോ പരിശീലിപ്പിക്കപ്പെടുന്നു. ദൈവത്തെ നിഷേധിക്കാൻ ഇന്നത്തെ സംസ്കാരം നമ്മെ എല്ലാ തലങ്ങളിലും നിർബന്ധിക്കുന്നില്ലായിരിക്കാം. പക്ഷേ ദൈവത്തിനു നൽകേണ്ട ഒന്നാം സ്ഥാനത്ത് അവരവരെത്തന്നെ പ്രതിഷ്ഠിക്കാനും, ഭൗതിക നേട്ടങ്ങൾക്കു മാത്രം വിലകൊടുക്കാനും നമ്മുടെ കുട്ടികൾ പ്രലോഭിപ്പിക്കപ്പെടുന്നു. വിജയിക്കാനുള്ള പരക്കം പാച്ചിലിനിടയിൽ പ്രാർത്ഥനയ്ക്കും വേദ പഠനത്തിനും സമയം ഇല്ലാതെയാകുന്നു. ഈ വിഷയത്തിൽ നമ്മുടെ കുഞ്ഞുങ്ങളും മാതാപിതാക്കളും മനസ്സിൽ സൂക്ഷിക്കേണ്ട ചില പാഠങ്ങൾ മാർത്താ ശ്മൂനിയുടെ ജീവിതത്തിലുണ്ട്.

ദൈവമാണ് എല്ലാറ്റിന്റെയും ആധാരം എന്ന പാഠമാണ് അമ്മ തന്റെ മക്കൾക്ക് കൊടുക്കുന്ന ഉപദേശത്തിന്റെ പ്രധാന ഭാഗം. അവിടുന്നാണ് സ്രഷ്ടാവ്. അവിടുന്നാണ് എല്ലാറ്റിനെയും നിലനിർത്തുന്നത്. ലോകം നൽകുന്ന ഏത് അനുഗ്രഹത്തെയുംകാൾ പ്രധാനമാണ് ദൈവത്തിന്റെ കൃപ എന്ന് അമ്മ അവരെ ഓർമ്മിപ്പിക്കുന്നു. എല്ലാ നേട്ടവും നന്മകളല്ല; എല്ലാ വിജയവും നമുക്ക് സംതൃപ്തിയും സമാധാനവും നൽകുന്നില്ല. ദൈവഹിതമനുസരിച്ച് നാം പ്രവർത്തിക്കുമ്പോഴാണ് നന്മയുണ്ടാകുന്നത്. ദൈവത്തിന്റെ കരം പിടിച്ച് മുന്നേറുമ്പോഴാണ് നമുക്ക് യഥാർത്ഥത്തിൽ ജയിക്കാനാകുന്നത്. നേട്ടങ്ങളെ നന്മകളാക്കി മാറ്റുന്ന ദൈവത്തിന്റെ കൃപയോട് ചേർന്ന് ജീവിക്കാൻ നാം നമ്മുടെ മക്കളെ പരിശീലിപ്പിച്ചേ മതിയാവൂ.

വിശ്വാസത്തിന്റെ സജീവമായ കൈമാറ്റം നടക്കുന്ന സഭയാണ്

നമ്മുടേത്. എങ്കിലും ചിലപ്പോഴെങ്കിലും ദൈവത്തിന് ഇടം നൽകാത്ത ജീവിതത്തിനു കുട്ടികളെ പ്രേരിപ്പിക്കുന്നത് മാതാപിതാക്കൾ തന്നെ യാണെന്ന് സങ്കടത്തോടെ ഓർക്കുന്നു. വിശ്വാസപരിശീലനവും ഞായ റാഴ്ചയാചരണവും അവഗണിച്ച് ട്യൂഷനും മറ്റു പരിശീലനങ്ങളും ക്രമീ കരിച്ചുകൊടുക്കുന്ന മാതാപിതാക്കൾ മക്കളോട് തങ്ങൾ ചെയ്യുന്ന ദ്രോഹം തിരിച്ചറിയുന്നില്ല. അടിസ്ഥാനപരമായ നന്മകളോട് താല്പര്യമില്ലാതെ വളരുന്ന കുട്ടികൾക്ക് ഒരുപക്ഷേ അവർ നേടിയേക്കാവുന്ന ഭൗതികമായ വിജയങ്ങൾ യഥാർത്ഥമായ സന്തോഷമോ സംതൃപ്തിയോ നൽകുക യില്ല.

പ്രാർത്ഥനയ്ക്കും വിശ്വാസപരിശീലനത്തിനും ഇടം നൽകു മ്പോൾ ഭൗതികമായ നേട്ടങ്ങൾ കുറയും എന്നത് മിഥ്യാധാരണയാണ്. മാനുഷികമായ ഒരു കണക്കുകൂട്ടൽ മാത്രമാണത്. വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പാ തന്റെ അപ്പസ്തോലിക ശുശ്രൂഷയുടെ ആരംഭത്തിൽ നൽകിയ സന്ദേശം നമ്മുടെ കുട്ടികൾ അനുദിനം ഓർക്കേണ്ട ഒന്നാണ്. “ക്രിസ്തുവിനായി വാതിൽ തുറക്കുക”, അദ്ദേഹം പറഞ്ഞു, “ക്രിസ്തു വിനായി വാതിലുകൾ മലർക്കെ തുറന്നിടുക. ഭയപ്പെടേണ്ടതില്ല. കാരണം അവിടുന്ന് ഒന്നും അപഹരിക്കുന്നവനല്ല, എല്ലാം നൽകുന്നവനാണ്.” ദൈവത്തിനു ജീവിതത്തിൽ സ്ഥാനം നൽകുന്നതുവഴി നമ്മുടെ കുട്ടി കൾക്ക് ഒന്നും നഷ്ടപ്പെടുകയില്ല. നമുക്ക് നേടിക്കൊടുക്കുവാൻ സാധി ക്കുന്നതിലധികം സുസ്ഥിരവും ശോഭനവുമായ ജീവിത സാഹചര്യങ്ങൾ അവിടുന്ന് അവർക്ക് നൽകുകതന്നെ ചെയ്യും.

ലൗകിക താല്പര്യങ്ങളുടെ അതിപ്രസരം ഉയർത്തുന്ന വെല്ലു വിളികൾ നേരിടുന്നതിന് കൂടുതൽ ക്രിയാത്മകമായ പദ്ധതികൾ നാം ആവിഷ്കരിക്കേണ്ടതുണ്ട്. കേരള കത്തോലിക്കാ സഭ ഒരുമിച്ച് ആത്മീയ നവീകരണത്തിനുള്ള വഴികൾ അന്വേഷിക്കുന്ന കാലമാണിത്. സ്രഷ്ടാവും പരിപാലകനും എന്ന നിലയിൽ ദൈവത്തിലുള്ള ആശ്രയ മാണ് ആത്മീയതയുടെ കാതൽ. ദൈവത്തിൽ ആശ്രയിക്കുന്നവർ എല്ലാം പ്രാർത്ഥനയോടെ ചെയ്യുന്നു; ദൈവത്തിന്റെ ഇഷ്ടം മനസ്സിലാക്കാൻ ശ്ര മിക്കുന്നു; അവിടുന്ന് നന്മ പ്രവർത്തിക്കുന്നവനായതുകൊണ്ട്, എല്ലാ വരോടും നന്മ ചെയ്യാൻ ശ്രമിക്കുന്നു (മത്താ.5:43). ഇതാണ് നമ്മുടെ ഇളം തലമുറയ്ക്ക് നാം കാണിച്ചുകൊടുക്കേണ്ട ജീവിത വഴിയുടെ സാരാംശം.

ആരാധനാക്രമ പരിശീലനം, മതബോധനം, എം.സി.സി.എൽ. എന്നിങ്ങനെ മൂന്നു ഭാഗങ്ങളായാണ് വിശ്വാസപരിശീലനം വിഭാ വനം

ചെയ്തിരിക്കുന്നത്. എപ്പോഴും പ്രാർത്ഥിക്കുന്നതിനും, ദൈവത്തിന്റെ തിരുവിഷ്ടം മനസ്സിലാക്കുന്നതിനും, നന്മയിൽ ആഭിമുഖ്യമുള്ളവരാകുന്നതിനുമുള്ള അടിസ്ഥാനപരിശീലനം നമ്മുടെ മക്കൾക്ക് ലഭിക്കാനാണിത്. എന്നാൽ ഈ പരിശീലനം ഫലം പുറപ്പെടുവിക്കണമെങ്കിൽ മാതാപിതാക്കൾ ഭവനങ്ങളിൽ ഈ പരിശീലന പദ്ധതി തുടരേണ്ടത് ഏറ്റവും ആവശ്യമാണ്. പ്രാർത്ഥന, വചനവായന, സഹജരോടുള്ള നന്മ നിറഞ്ഞ പെരുമാറ്റം എന്നിവ താൽക്കാലിക നേട്ടങ്ങൾക്കെല്ലാം ഉപരിയായ മൂല്യങ്ങളായി മക്കൾക്ക് കാണിച്ചുകൊടുക്കാൻ മാതാപിതാക്കൾക്ക് സാധിക്കുന്നതുപോലെ മറ്റാർക്കും കഴിയുകയില്ല.

ദൈവത്തിന്റെ സ്നേഹം തിരിച്ചറിഞ്ഞ് പൂർണഹൃദയത്തോടെ അവിടുത്തെ കാരുണ്യത്തിൽ ആശ്രയമർപ്പിക്കുന്നതിന്, ക്രിസ്തുവിനോടൊപ്പം ജീവിച്ച് വിജയം നേടുന്നതിന് നമ്മുടെ കുട്ടികൾക്ക് സാധിക്കണം. ഇക്കാര്യത്തിൽ മാതാപിതാക്കൾക്കും ശരിയായ അവബോധം നൽകുന്നതിന് ഉതകുന്ന കർമ്മ പദ്ധതികൾ ഓരോ രൂപതയുടെയും സാഹചര്യങ്ങളനുസരിച്ച് രൂപപ്പെടുത്തി നടപ്പിലാക്കാൻ ഏവരും പരിശ്രമിക്കേണ്ടതാണ്.

വെല്ലുവിളികളുടെ ഈ കാലത്തും നമ്മുടെ വിശ്വാസപരിശീലന ശുശ്രൂഷ കാര്യക്ഷമമായി നടക്കുന്നു എന്നത് നമുക്ക് പ്രത്യാശ പകരുന്നു. വിശ്വാസപരിശീലനത്തിന്റെ വിവിധ തലങ്ങളിൽ ത്യാഗപൂർവം സേവനം ചെയ്യുന്ന എല്ലാവർക്കും ഞാൻ സഭയുടെ നാമത്തിൽ നന്ദിപറയുന്നു. അനവധി പ്രലോഭനങ്ങൾക്കിടയിലും പതറാതെ വിശ്വാസത്തിന്റെ പാഠങ്ങൾ പകർന്നുനൽകി ഇളംതലമുറയെ പരിശീലിപ്പിക്കുന്ന മാതാപിതാക്കളെ ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു.

തന്നെ അന്വേഷിക്കുന്നവർക്ക് പ്രതിഫലം നൽകുന്നവനായ ദൈവം (ഹെബ്രാ 11:6) നിങ്ങളെ എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

+ Eusebius

✠ **തോമസ് മാർ യൗസേബിയോസ്**
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
വിശ്വാസ പരിശീലന സുന്നഹദോസ് കമ്മീഷൻ ചെയർമാൻ &
പാറശ്ശാല ഭദ്രാസനാദ്ധ്യക്ഷൻ.

# മലങ്കര സുറിയാനി കത്തോലിക്കാ സഭ

## 93-ാം പുനരൈക്യ വാർഷികം

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ 93-ാം പുനരൈക്യ വാർഷികം 2023 സെപ്തംബർ 21-ാം തീയതി മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ ആചരിച്ചു. രാവിലെ എട്ടുമണിക്ക് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ മേജർ ആർച്ച് ബിഷപ്പ് ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്ക ബാവയുടെ മുഖ്യകാർമ്മികത്വത്തിൽ, വി. കുർബാന അർപ്പിച്ചു. അഭിവന്ദ്യ ആർച്ച് ബിഷപ്പ് ഡോ. തോമസ് മാർ കൂറിലോസ്, അഭിവന്ദ്യ ആർച്ചുബിഷപ്പ് മാർ ജോർജ് പനംതുണ്ടിൽ (അപ്പോസ്തോലിക് ന്യൂൻഷിയോ), അഭിവന്ദ്യരായ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്, ഡോ. ജോസഫ് മാർ തോമസ്, ഡോ. സാമുവൽ മാർ ഐറേനിയോസ്, ഡോ. തോമസ് മാർ അന്തോണിയോസ്, ഡോ. വിൻസെന്റ് മാർ പൗലോസ്, ഡോ. തോമസ് മാർ യൗസേബിയോസ്, ഡോ. ഗീവർഗീസ് മാർ മക്കാറിയോസ്, ഡോ. ആന്റണി മാർ സിൽവാനോസ് ഡോ. മാത്യു മാർ പോളികാർപ്പസ്, ഡോ. എബ്രഹാം മാർ യൂലിയോസ്, ഡോ. യൂഹനോൻ മാർ ക്രിസോസ്റ്റം എന്നീ തിരുമേനിമാർ സഹകാർമ്മികരായിരുന്നു. കോഴിക്കോട് രൂപതാധ്യക്ഷനും, കെ.ആർ.എൽ.സി.സി യുടെ പ്രസിഡന്റുമായ മോസ്റ്റ് റവ. ഡോ. വർഗീസ് ചക്കാലക്കൽ തിരുമേനി തിരുവചന സന്ദേശം നൽകി.

പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ നിയോഗിച്ച കസാക്കിസ്ഥാന്റെ അപ്പസ്തോലിക് ന്യൂൻഷിയോ ആർച്ചുബിഷപ്പ് മാർ ജോർജ് പനംതുണ്ടിലിനെ മൂവാറ്റുപുഴ ഭദ്രാസനാദ്ധ്യക്ഷൻ കുരിശുമാല അണിയിച്ച് ആദരിച്ചു. തുടർന്ന് അടുത്തവർഷം 94-ാം പുനരൈക്യ വാർഷികത്തിന് ആതിഥേയത്വം വഹിക്കുന്ന പാറശ്ശാല ഭദ്രാസനത്തിന് കാതോലിക്ക പതാക കൈമാറി.

# ഭദ്രാസന വാർത്തകൾ

## പാറശ്ശാല ഭദ്രാസന ദിനം



പാറശ്ശാല ഭദ്രാസനം 2023 സെപ്റ്റംബർ 3-ാം തീയതി ശനിയാഴ്ച ഭദ്രാസന ദിനമായി ആഘോഷിച്ചു. ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്തായുടെ മുഖ്യകാർമികത്വത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു. ഭദ്രാസനത്തിൽ ശുശ്രൂഷ ചെയ്യുന്ന എല്ലാ വൈദികരും സഹകാർമ്മികരായിരുന്നു. ഭദ്രാസനത്തിൽ ശുശ്രൂഷ ചെയ്യുന്ന സിസ്റ്റേഴ്സ്, എല്ലാ ഇടവകകളിലേയും ട്രസ്റ്റിമാർ, സെക്രട്ടറിമാർ, പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, ഉപദേശിമാർ, ഭക്തസംഘടനകളുടെ ഭദ്രാസനതല ഭാരവാഹികൾ, സെമിനാരിക്കാർ, അംഗീകാരത്തിന് അർഹരായവർ തുടങ്ങിയവർ പങ്കെടുത്തു.

വിശുദ്ധ കുർബാനയ്ക്കുശേഷം പാറശ്ശാല ഭദ്രാസനാംഗങ്ങളിൽ, സവിശേഷമായ അംഗീകാരങ്ങളും നേട്ടങ്ങളും ലഭിച്ചവരെ അഭിവന്ദ്യ പിതാവ് മെമെന്റോ നൽകി അനുമോദിച്ചു. ഇടവകകൾ, കുടുംബങ്ങൾ,

സന്യാസിനി ഭവനങ്ങൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുള്ള പ്രതിനിധികളും മറ്റ് അഭ്യുദയകാംഷികളും ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്തായെ സന്ദർശിക്കുകയും ബിഷപ്പ് ചാരിറ്റി ഫണ്ടിലേക്ക് സംഭാവന നൽകുകയും ചെയ്തു. സ്നേഹഭോജനത്തോടുകൂടി ഈ വർഷത്തെ ഭദ്രാസനദിന ആഘോഷങ്ങൾക്ക് സമാപനം കുറിച്ചു.

## കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി



പാശ്ശാല ഭദ്രാസനത്തിന്റെ സ്ഥാപക ദിനത്തോട് അനുബന്ധിച്ച് നടന്ന കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെ പാറശ്ശാല ഭദ്രാസനതല പ്രഥമ മീറ്റിംഗിൽ നിയുക്ത ഭാരവാഹികൾ പാറശ്ശാല ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് പിതാവിന്റെ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റെടുത്തു. ഡയറക്ടറായി നിയമിതനായ റവ. ഫാ. ബോസ്ക്കോ ചാലറയ്ക്കൽ, സത്യപ്രതിജ്ഞാ വാചകം ചൊല്ലിക്കൊടുത്തു. പ്രസിഡന്റായി ശ്രീ. ഷാജി എസ്. മലയിൽ, ജനറൽ സെക്രട്ടറിയായി ശ്രീ. പൂഴനാട് രാജൻ, ട്രഷററായി ശ്രീ. സജിൻ കണ്ടല, വൈസ് പ്രസിഡന്റ്മാരായി ശ്രീമതി ഷൈനി എസ് ബാബു, ശ്രീ. ബേബി ആലുവിള, സെക്രട്ടറിമാരായി ശ്രീ. സുദർശനൻ മുല്ലൂർ, ശ്രീ. സുഭാഷ് വട്ടപ്പറമ്പ്, ശ്രീ. സെൽവൻ പൊറ്റയിൽ, പ്രോഗ്രാം കോർഡിനേറ്ററായി ശ്രീ. ജോയി ഫ്രാൻസിസ് കൊടങ്ങാവിള എന്നിവർ 23-8-2023 ബുധനാഴ്ച സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു.

## BISHOP'S CHARITY FUND-2023

### CONVENTS

| Sl. No. | Name | Rt. No | Amount |
|---|---|---|---|
| 1 | Bethany Convent, Kulathammal | 420 | 2500.00 |
| 2 | Bethany Convent, Thachottukavu | 418 | 2500.00 |
| 3 | DM Provincialate, Venniyoor | 430 | 200000.00 |
| 4 | Missionaries of Unity, Edanji | 427 | 15000.00 |
| 5 | SH Convent, Kuttichal | 419 | 3000.00 |
| 6 | SH Convent, Pappanamcode | 421 | 2000.00 |
| 7 | SIC Provincialate, Nalanchira | 546 | 25000.00 |
| 8 | Sisters of Charity, Charottukonam | 426 | 5000.00 |
| 9 | Bethany Convent, Amboori | 422 | 2500.00 |
| 10 | Bethany Convent, Ambilikonam | 423 | 2500.00 |
| 11 | Snehagiri Sisters, Chemparathivila | 424 | 2000.00 |
| 12 | Shalom Bahavan, Kannamkode | 425 | 2000.00 |

### INSTITUTIONS

| | | | |
|---|---|---|---|
| 1 | Holy Queen EM School, Neyyattinkara | 497 | 13000.00 |
| 2 | Mar Gregorios School, Pravachambalam | 441 | 25000.00 |
| 3 | Mother Theresa College, Nellikkadu | 428 | 90000.00 |
| 4 | Mother Theresa School, Venganoor | 541 | 10000.00 |
| 5 | Santhom Malankara College, Edanji | 508 | 20500.00 |
| 6 | St. Chrysostom's GHSS, Nellimoodu | 458 | 73500.00 |
| 7 | St. Joseph's EM School, Chemboor | - | - |

| | | | |
|---|---|---|---|
| 8 | St. Mary's EMS, Vandannoor | 417 | 5000.00 |
| 9 | St. Philip's HSS, Nellikkadu | 431 | 10000.00 |
| 10 | Viswadeepthi E M School, Kattakkada | 454 | 100000.00 |
| 11 | VPS Malankara HSS, Venganoor | 539 | 50000.00 |
| 12 | Sophia Home, Venniyoor | 429 | 10000.00 |
| **PIOUS ASSOCIATIONS** | | | |
| 1 | DCMS, Diocese of Parassala | 534 | 10000.00 |
| 2 | KCSL, Diocese of Parassala | 440 | 3000.00 |
| 3 | Legion of Mary, Diocese of Parassala | 506 | 2500.00 |
| 4 | MCA, Diocese of Parassala | 456 | 7000.00 |
| 5 | MCYM, Diocese of Parassala | 538 | 5000.00 |
| 6 | Mother's Forum, Dioceses of Parassala | 496 | 6500.00 |
| 7 | Teachers Guild, Diocese of Parassala | 463 | 10000.00 |
| 8 | Vincent De Paul, Diocese of Parassala | 414 | 5000.00 |
| **INDIVIDUALS & FAMILIES** | | | |
| 1 | Mr. Velappan I Dhanuvachapuram | 415 | 10000.00 |
| 2 | Dr. Wilson Kuzhinjanvila | 495 | 7500.00 |
| 3 | Mr. Paulose Ettukutty | 505 | 2500.00 |
| 4 | Mr. Innocent Charottukonam | 507 | 10000.00 |
| 5 | Mr. CA Jose Pinkulam | 535 | 1000.00 |
| 6 | Mr. Josh D Biju, Kudayal | 536 | 5000.00 |
| 7 | Mr. Lazar Charottukonam | 537 | 10000.00 |

## BISHOP'S CHARITY FUND 2023

## PARISHES

### BALARAMAPURAM

| Sl. No. | Parishes | Collection | Receipt No. |
|---|---|---|---|
| 1 | Balaramapuram | 8000.00 | 443 |
| 2 | Chowara | 5000.00 | 435 |
| 3 | Eruthavoor | 5000.00 | 442 |
| 4 | Kannamkode | 5000.00 | 451 |
| 5 | Mulloor | 5000.00 | 432 |
| 6 | Nelliyode | 2000.00 | 436 |
| 7 | Ookkode | 1000.00 | 434 |
| 8 | Pamamcode | 3000.00 | 447 |
| 9 | Pappanamcode | 5000.00 | 450 |
| 10 | Poozhikkunnu | 2000.00 | 443 |
| 11 | Pottayil | 5000.00 | 448 |
| 12 | Pravachambalam | 7500.00 | 438 |
| 13 | Punnakulam | 2000.00 | 433 |
| 14 | Thengarakonam | 3000.00 | 445 |
| 15 | Thiruvallam | 5000.00 | 439 |
| 16 | Velloorkonam | 3000.00 | 452 |
| 17 | Venniyoor | 15000.00 | 449 |
| 18 | Vizhinjam | 2000.00 | 453 |

### CHEMBOOR

| | | | |
|---|---|---|---|
| 1 | Amboori | 3000.00 | 478 |
| 2 | Anakuzhi | 2000.00 | 489 |

| | | | |
|---|---|---|---|
| 3 | Aruvattukonam | 2000.00 | 524 |
| 4 | Chanaikonam | - | - |
| 5 | Chemboor | 2000.00 | 486 |
| 6 | Cheriyakolla-Kudayal | 3000.00 | 488 |
| 7 | Kadampra | 2000.00 | 491 |
| 8 | Kudappanamoodu | - | - |
| 9 | Kuttamala | 2000.00 | 481 |
| 10 | Manchamcode | - | - |
| 11 | Mannamkonam | 1500.00 | 480 |
| 12 | Marakunnam | 1000.00 | 492 |
| 13 | Muttachal | 2000.00 | 493 |
| 14 | Mylakkara | 3000.00 | 490 |
| 15 | Neerazhikonam | 3000.00 | 479 |
| 16 | Ottasekharamangalam | 2000.00 | 485 |
| 17 | Panachamoode | 5000.00 | 487 |
| 18 | Panda | 2000.00 | 482 |
| 19 | Poozhanadu | 2000.00 | 483 |
| 20 | Vattapparambu | 2000.00 | 484 |
| 21 | Vazhichal | - | - |
| **KATTAKKADA** | | | |
| 1 | Anacode | 3000.00 | 457 |
| 2 | Aruvikuzhy | - | - |
| 3 | Chaikulam | 2500.00 | 466 |
| 4 | Cherukode | 2000.00 | 477 |
| 5 | Kallamam | - | - |

| | | | |
|---|---|---|---|
| 6 | Kalliyal | 2000.00 | 459 |
| 7 | Kanakkuzhy | 6000.00 | 467 |
| 8 | Kandala | 3000.00 | 471 |
| 9 | Kattakkada | 5000.00 | 455 |
| 10 | Kattuvila | - | - |
| 11 | Konnikkonam | - | - |
| 12 | Kottoor | 3000.00 | 460 |
| 13 | Kuttichal | 4000.00 | 461 |
| 14 | Malayinkeezhu | 2000.00 | 476 |
| 15 | Mathalampara | 3000.00 | 470 |
| 16 | Pappanam | 2000.00 | 474 |
| 17 | Pezhummoodu | 2000.00 | 473 |
| 18 | Ponneduthankuzhy | 5000.00 | 472 |
| 19 | Poovachal | 2000.00 | 465 |
| 20 | Punalal | 3000.00 | 469 |
| 21 | Punnavoor | 2000.00 | 475 |
| 22 | Puthenkavuvila | 5000.00 | 464 |
| 23 | Thachottukavu | 5000.00 | 445 |
| 24 | Thoongampara | 3000.00 | 468 |
| 25 | Thozhukkalkonam | 2000.00 | 462 |
| **NEYYATTINKARA** | | | |
| 1 | Chaikottukonam | 10000.00 | 515 |
| 2 | Chekkady | 7500.00 | 526 |
| 3 | Chemparathivila | 15000.00 | 504 |
| 4 | Ettukutty | 10000.00 | 499 |

| | | | |
|---|---|---|---|
| 5 | Kakottukonam | 2000.00 | 501 |
| 6 | Kanchampazhinji | 2000.00 | 494 |
| 7 | Kanjiramkulam | 25000.00 | 525 |
| 8 | Kannaravila | 10000.00 | 509 |
| 9 | Kariprakkonam | 2000.00 | 500 |
| 10 | Kodangavila | 7000.00 | 437 |
| 11 | Kottarakkonam | - | - |
| 12 | Mar Aprem Nagar | - | - |
| 13 | Mekkonam | 1500.00 | 502 |
| 14 | Pampukala | 10000.00 | 520 |
| 15 | Perumpazhuthoor | 2500.00 | 523 |
| 16 | Poovar | 10000.00 | 521 |
| 17 | Russelpuram | 5000.00 | 522 |
| 18 | Tharavila | 2500.00 | 514 |
| 19 | Vadakara | 10000.00 | 527 |
| 20 | Vandannoor | 5000.00 | 498 |
| 21 | Virali | 2000.00 | 503 |
| | **PARASSALA** | | |
| 1 | Aluvila | 5000.00 | 513 |
| 2 | Ambilikonam | 14000.00 | 528 |
| 3 | Aruvankode | 5000.00 | 531 |
| 4 | Aruviyodu | 5000.00 | 512 |
| 5 | Charottukonam | 25000.00 | 518 |
| 6 | Cheruvarakonam | 10000.00 | 412 |

| | | | |
|---|---|---|---|
| 7 | Dhanuvachapuram | 5000.00 | 416 |
| 8 | Kottamam | - | - |
| 9 | Kudayal | 10000.00 | 511 |
| 10 | Kulathamal | 5000.00 | 510 |
| 11 | Kuzhinjanvila | 25000.00 | 516 |
| 12 | Manchavilakom | 5000.00 | 530 |
| 13 | Nalloorvattom | 3000.00 | 540 |
| 14 | Panayammoola | 5000.00 | 517 |
| 15 | Panayarackal | 5000.00 | 532 |
| 16 | Parassala (Cathedral) | 10000.00 | 519 |
| 17 | Pazhaya Utchakkada | 5000.00 | 533 |
| 18 | Pinkulam | 10000.00 | 529 |
| 19 | Vanniacode | 10000.00 | 413 |

## മിഷൻ വാർത്തകൾ

### വന്ദ്യ ഫിലിപ്പ് ഉഴുന്നല്ലൂർ കോർ എപ്പിസ്കോപ്പയുടെ ഓർമ്മ ദിനം

വന്ദ്യ ഫിലിപ്പ് ഉഴുന്നല്ലൂർ കോർ എപ്പിസ്കോപ്പയുടെ മൂന്നാം ഓർമ്മദിനം 2023 സെപ്റ്റംബർ 25-ാം തീയതി തിങ്കളാഴ്ച ആചരിച്ചു. വന്ദ്യ കോർ എപ്പിസ്കോപ്പ അന്ത്യവിശ്രമംകൊള്ളുന്ന, നെല്ലിക്കാട് ചാപ്പ ലിൽ അർപ്പിച്ച വിശുദ്ധ കുർബാനയിൽ, പാറശ്ശാല ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ മുഖ്യകാ ർമ്മികത്വം വഹിച്ചു. പാറശ്ശാല ഭദ്രാസന വികാരി ജനറൽ റൈറ്റ് റവ. മോൺ. ജോസ് കോണത്തുവിളയും ബഹുമാനപ്പെട്ട വൈദികരും സന്യസ്തരും വിശ്വാസികളും സന്നിഹിതരായിരുന്നു.

## വന്ദ്യ മോൺ. ജോസഫ് കുഴിഞ്ഞാലിലച്ചൻ അനുസ്മരണം

മലങ്കര കത്തോലിക്കാസഭയുടെ ധീരമിഷനറിയും മേരീ മക്കൾ സന്യാസിനീ സമൂഹത്തിന്റെ സ്ഥാപകനുമായ വന്ദ്യ മോൺ. ജോസഫ് കുഴിഞ്ഞാലിലച്ചന്റെ സ്വർഗ്ഗ പ്രവേശനത്തിന്റെ 40–ാം വാർഷികം അദ്ദേഹത്തിന്റെ കബറിടം സ്ഥിതി ചെയ്യുന്ന മാർത്താണ്ഡം കത്തീഡ്രൽ പള്ളിയിൽ വച്ച് ആചരിച്ചു. അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവ ദിവ്യബലിക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. വിവിധ രൂപതകളിൽ നിന്നുള്ള അഭിവന്ദ്യ പിതാക്കൻമാരും വൈദികരും സിസ്റ്റേഴ്സും ധാരാളം വിശ്വാസികളും ദിവ്യബലിയിലും തുടർന്നു നടന്ന അനുസ്മരണ സമ്മേളനത്തിലും ധൂപ പ്രാർത്ഥനയിലും പങ്കുചേർന്നു. ദിവ്യബലി മദ്ധ്യേ തിരുവല്ല രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത വചന സന്ദേശം നൽകി അനുഗ്രഹിച്ചു. അനുസ്മരണ സമ്മേളനത്തിൽ മാർത്താണ്ഡം രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ വിൻസന്റ് മാർ പൗലോസ് തിരുമേനി, വളരെയേറെപ്പേരെ സ്വാധീനിക്കാൻ കഴിഞ്ഞ വന്ദ്യ ജോസഫ് കുഴിഞ്ഞാലിലച്ചന്റെ ജീവിതത്തെയും പ്രവർത്തനത്തെയും എടുത്തുപറഞ്ഞു കൊണ്ട് ആമുഖ പ്രഭാഷണം നടത്തി. അഭിവന്ദ്യ പീറ്റർ മാർ റെമിജിയൂസ് തിരുമേനി, ബഹു. ഫാ. തോമസ് പൂവണ്ണാൽ, സുപ്പീരിയർ ജനറൽ ബഹു. മദർ ലിഡിയ, സി. ഇമ്മാക്കുല്ലേറ്റ് ഡി.എം., ശ്രീമതി റജീന എന്നിവർ പ്രസംഗിച്ചു. മോൺ. ജോസഫ് കുഴിഞ്ഞാലിലച്ചനെ കുറിച്ച് വിവിധ വ്യക്തികൾ എഴുതിയ 8 പുസ്തകങ്ങൾ പ്രകാശനം ചെയ്തു.



# എം.സി.വൈ.എം.

## മാർ ഈവാനിയോസ് അനുസ്മരണ പദയാത്ര

ദൈവദാസനായ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് പിതാവിന്റെ ഓർമ്മയാചരണത്തിന്റെ ഭാഗമായുള്ള തീർത്ഥാടന പദയാത്ര 2023 ജൂലൈ 13, 14 തീയതികളിലായി നടന്നു. ചാരോട്ടുകോണം തീർത്ഥാടന ദൈവാലയത്തിൽ നിന്നും പനച്ചമൂട് ദൈവാലയത്തിൽ നിന്നും ആരംഭിച്ച പദയാത്രകൾ പാളയം ലൂർദ് ദൈവാലയത്തിൽ എത്തിച്ചേർന്ന് ഒരുമിച്ച് 14-ാം തീയതി വൈകിട്ട് 5 ന് അഭിവന്ദ്യ യൗസേബിയോസ് പിതാവിന്റെ നേതൃത്വത്തിൽ പട്ടം കബറിങ്കലേയ്ക്ക് പ്രവേശിച്ചു. ആദ്യദിവസം പനച്ചമൂട് ദൈവാലയത്തിലും രണ്ടാം ദിവസം വെണ്ണിയൂർ ഡി.എം. പ്രൊവിൻഷ്യൽ ദൈവാലയത്തിലും അഭിവന്ദ്യ പിതാവ് വി. കുർബാന അർപ്പിച്ചു. പദയാത്രയുടെ ക്രമീകരണങ്ങൾക്ക് ഭദ്രാസന ഡയറക്ടർ ഫാ. പ്രഭീഷ് ജോർജ്ജ്, അസി. ഡയറക്ടർ ഫാ. വിമൽ വിൻസെന്റ്, ആനിമേറ്റർ സി. സീനാ ജോൺ ഡി.എം., ഭദ്രാസന പ്രസിഡന്റ് ശ്രീ ശരത് ലാൽ, ഭദ്രാസന സമിതി അംഗങ്ങൾ, ജില്ലാ ഡയറക്ടർമാർ, ജില്ലാ പ്രസിഡന്റുമാർ, ജില്ലാ ഭരണ സമിതി അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി. ബഹു. വൈദികർ, ബഹു. സന്യസ്തർ, മാതാപിതാക്കന്മാർ, യുവജനങ്ങൾ, കുഞ്ഞുങ്ങൾ എന്നിവർ പദയാത്രയിൽ പങ്കാളികളായി.

## അസ്സീസിയൻ മിഷൻ ക്വിസ്

"തെക്കിന്റെ മിഷണറി" എന്നറിയപ്പെടുന്ന വന്ദ്യ ഉഴുന്നല്ലൂർ ഫിലിപ്പ് കോറെപ്പിസ്ക്കോപ്പായുടെ അനുസ്മരണാർത്ഥം പാറശ്ശാല ഭദ്രാസന യുവജന പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ അസ്സീസിയൻ മിഷൻക്വിസ് സംഘടിപ്പിക്കുന്നു. പ്രായഭേദമില്ലാതെ പാറശ്ശാല ഭദ്രാസനത്തിലെ എല്ലാവർക്കും ടീമുകളായി ഈ ക്വിസ് മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.

**പഠിക്കാം... മനസ്സിലാക്കാം...**

- മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പ്രേഷിത ചരിത്രം
- ആഗോള കത്തോലിക്കാ സഭയുടെ പ്രേഷിത ദർശനം
- തെക്കിന്റെ അപ്പസ്തോലൻ ഉഴുന്നല്ലൂർ കോറെപ്പിസ്ക്കോപ്പായുടെ പ്രേഷിത ജീവിതം
- യുവജന ശുശ്രൂഷയുടെ അജപാലന ദർശനം

**സമ്മാനങ്ങൾ**

**ഒന്നാം സമ്മാനം - 10,000/-**

**രണ്ടാം സമ്മാനം - 5,000/-**

**മൂന്നാം സമ്മാനം - 2500/-**

**പ്രോത്സാഹന സമ്മാനം 1000 രൂപ വീതം 5 ടീമുകൾക്ക്**

**പഠനഭാഗം**

1. പ്രേഷിതവേദിയിലെ നന്മമരം, ഫാ. പ്രഭീഷ് ജോർജ്ജ് - 50%
2. മലങ്കര സഭാചരിത്രം (ഒന്നാം ഭാഗം), ഫാ. ജി. ചേടിയത്ത് - 30%
3. തീം-യുവജനങ്ങളെ ഉണരൂ, തിടുക്കത്തിൽ ഒന്നിച്ചു മുന്നേറാം- 10%
4. പൊതുവിജ്ഞാനം - 10%

**രജിസ്ട്രേഷൻ**

- പാറശ്ശാല ഭദ്രാസനാംഗങ്ങളായ ആർക്കും പ്രായഭേദമെന്യേ പങ്കാളികളാകാം.
- ഒരു ടീമിൽ 3 പേർ ഉണ്ടായിരിക്കണം
- രജിസ്ട്രേഷൻ ഫീസ് 200രൂപ
- ഫീസടച്ച് രജിസ്ട്രേഷൻ നടത്തുന്ന ടീമിന് പഠനഭാഗങ്ങൾ നൽകുന്നതാണ്.
- രജിസ്ട്രേഷൻ നടത്തേണ്ട അവസാന തീയതി ആഗസ്റ്റ് 31 വ്യാഴം.
- രജിസ്ട്രേഷൻ പൂർത്തിയാക്കുന്ന ടീമുകൾക്ക് ഉടനെ പഠനഭാഗങ്ങൾ നൽകുന്നതാണ്.

**പ്രാഥമിക റൗണ്ട്**

സെപ്തംബർ 10 ഞായർ, ഉച്ചയ്ക്ക് 3ന്
ജില്ലാ കേന്ദ്രങ്ങളിൽ വച്ച്

*പ്രാഥമിക റൗണ്ടിൽ മത്സരിക്കുന്ന 5 ടീമുകൾ വീതംരണ്ടാം റൗണ്ടിന് യോഗ്യത നേടുന്നു.*

**രണ്ടാം റൗണ്ട്**

ഒക്ടോബർ 29 ഞായറാഴ്ച ഉച്ചയ്ക്ക് 1.30 ന്, നെല്ലിക്കാട് മദർ തെരേസാ കോളേജ്

രണ്ടാം റൗണ്ടിൽ മത്സരിച്ച് ആദ്യ സ്ഥാനം നേടുന്ന 8 ടീമുകൾ ഫൈനൽ റൗണ്ടിന് യോഗ്യത നേടുന്നു.

**ഫൈനൽ റൗണ്ട്**

ഒക്ടോബർ 29 ഞായറാഴ്ച ഉച്ചയ്ക്ക് 2.30 ന്, നെല്ലിക്കാട് മദർ തെരേസാ കോളേജ്

**രജിസ്ട്രേഷന് ബന്ധപ്പെടുക :**

ബാലരാമപുരം - ജിജോ (99472 76150), ചെമ്പൂർ - ശരത്‌ലാൽ (85478 40415), നെയ്യാറ്റിൻകര - ജിൻസി (99618 60247), കാട്ടാക്കട - അഗസ്റ്റിൻ (75599 71937), പാറശ്ശാല - ഏയ്ഞ്ചൽ മേരി (62386 32442)

## അർദ്ധവാർഷിക സെനറ്റ്

പാറശ്ശാല ഭദ്രാസനത്തിലെ യുവജന പ്രവർത്തനങ്ങൾ വിലയിരുത്താനായി അർദ്ധ വാർഷിക സെനറ്റ് സമ്മേളനം ബാലരാമപുരം വൈദിക ജില്ലയുടെ ആതിഥേയത്വത്തിൽ 2023 ആഗസ്റ്റ് 20 ഞായറാഴ്ച ഉച്ചയ്ക്ക് 2 മുതൽ മുല്ലൂർ സെന്റ് ഫ്രാൻസിസ് സേവ്യർ മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വച്ച് നടന്നു. കരുണക്കൊന്തയെ തുടർന്ന് ഭദ്രാസന ആനിമേറ്റർ സി. സീനാ ജോൺ പതാക ഉയർത്തിയതോടെ സെനറ്റ് സമ്മേളനം ആരംഭിച്ചു. ഭദ്രാസന പ്രസിഡന്റ് ശ്രീ ശരത് ലാലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനം ബാലരാമപുരം വൈദിക ജില്ലാ വികാരി പെരിയ ബഹു. ഫാ. ജോർജ്ജ് വെട്ടിക്കാട്ടിൽ ഉദ്ഘാടനം ചെയ്തു. അസി. ഡയറക്ടർ ഫാ. വിമൽ വിൻസെന്റ്, സഭാതല പ്രസിഡന്റ് ശ്രീമതി ഏയ്ഞ്ചൽ മേരി, ജില്ലാ ഡയറക്ടർ ഫാ. ജെറോം കുന്നിൻപുറത്ത്, യൂണിറ്റ് ഡയറക്ടർ ഫാ. ആന്റോ വടക്കേതിൽ, യൂണിറ്റ് സെക്രട്ടറി അനൂപ് എന്നിവർ ആശംസകൾ അറിയിച്ച് സംസാരിച്ചു. തുടർന്ന് വൈദിക ജില്ലകൾ 6 മാസത്തെ പ്രവർത്തന റിപ്പോർട്ടും വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തവും അവതരിപ്പിച്ചു. തദവസരത്തിൽ ഭദ്രാസന വൈസ് പ്രസിഡന്റ് ജിൻസി ഡി.എസ്. മോഡറേറ്ററായിരുന്നു. അതിനുശേഷം ഭദ്രാസന ജനറൽ സെക്രട്ടറി-ഇൻ-ചാർജ്ജ് ജിജോ ഇമ്മാനുവേൽ ഭദ്രാസന യുവജനപ്രസ്ഥാത്തിന്റെ 6 മാസത്തെ പ്രവർത്തന റിപ്പോർട്ടും, ട്രഷറർ ശ്രീ. ഷിബു കുടയാൽ വരവ്-ചെലവ് കണക്കും അവതരിപ്പിച്ചു. തുടർന്ന് സംഘ

ടനാ പ്രവർത്തനങ്ങളെക്കുറിച്ചുള്ള പൊതുചർച്ചയും നടന്നു. തദവസരത്തിൽ നെയ്യാറ്റിൻകര വൈദിക ജില്ലയിൽ നിന്നുള്ള സിൻഡിക്കേറ്റ് അംഗം ജിജോ ഇമ്മാനുവേലിനെ ഭദ്രാസന എം.സി.വൈ.എം. ജനറൽ സെക്രട്ടറിയായി സെനറ്റ് തെരഞ്ഞെടുത്തു. സമാപന പ്രാർത്ഥന, ലഘുഭക്ഷണം എന്നിവയോടെ സെനറ്റ് സമ്മേളം സമാപിച്ചു.

## എം.സി.വൈ.എം. ഭരണഘടനാ ചർച്ച

പാറശ്ശാല ഭദ്രാസനത്തിലെ യുവജനപ്രസ്ഥാനമായ എം.സി.വൈ.എം.ന്റെ പ്രവർത്തനങ്ങളുടെ മാർഗരേഖയായ **പാറശ്ശാല ഭദ്രാസന എം.സി.വൈ.എം. ഭരണഘടന**യുടെ ഡ്രാഫ്റ്റിംഗ് കമ്മിറ്റിയുടെ രണ്ടാമത്തെ മീറ്റിംഗ് 2023 ആഗസ്റ്റ് 31 വ്യാഴാഴ്ച വൈകിട്ട് 4 മണിക്ക് ചെമ്പരത്തിവിള ദൈവാലയത്തിൽ വച്ച് നടന്നു. ഡ്രാഫ്റ്റിംഗ് കമ്മിറ്റി കൺവീനറും ഭദ്രാസന ഡയറക്ടറുമായ ബഹു. ഫാ. പ്രഭീഷ് ജോർജ്ജ് വിളിച്ചുകൂട്ടിയ യോഗത്തിൽ കോർകമ്മിറ്റി തയ്യാറാക്കിയ പ്രഥമ ഡ്രാഫ്റ്റിനെക്കുറിച്ചുള്ള വിലയിരുത്തലും നിർദ്ദേശങ്ങളും യുവജനപ്രസ്ഥാനത്തിൽ പ്രവർത്തിച്ച് പരിചയമുള്ളവർ പങ്കുവച്ചു. യോഗത്തിലെ ചർച്ചകളുടെ അടിസ്ഥാനത്തിൽ രണ്ടാമത്തെ ഡ്രാഫ്റ്റ് തയ്യാറാക്കുന്നതാണ്. എം.സി.വൈ.എം. മുൻ സഭാതല ഡയറക്ടർ വന്ദ്യ മോൺ. തോമസ് കയ്യാലയ്ക്കൽ, തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ മുൻ ഡയറക്ടർ ബഹു. ഫാ. ഡോ. വിപിൻ ബർണാർഡ് വലിയവിള, പാറശ്ശാല ഭദ്രാസന അസി. ഡയറക്ടർ ഫാ. വിമൽ വിൻസെന്റ്, എം.സി.വൈ.എം. തിരുവനന്തപുരം മേജർ അതിഭദ്രാസന മുൻ പ്രസിഡന്റുമാരായിരുന്ന ശ്രീ. അഡ്വ. ലിജോ റോയി, ശ്രീ. ഷാജി എസ്. മലയിൽ, സഭാതല എം.സി.വൈ.എം. മുൻ ജനറൽ സെക്രട്ടറി ശ്രീ. ജോണി സി. അരുളപ്പൻ, പാറശ്ശാല ഭദ്രാസന പ്രഥമ പ്രസിഡന്റ് ശ്രീ. ഷൈൻ കുടയാൽ, ഇപ്പോഴത്തെ പ്രസിഡന്റ് ശ്രീ. ശരത് ലാൽ റ്റി.എസ്., ജനറൽ സെക്രട്ടറി ശ്രീ. ജിജോ ഇമ്മാനുവേൽ എന്നിവർ സംബന്ധിച്ചു. രാത്രി 8 മണിയോടെ യോഗം അവസാനിച്ചു.

## പാറശ്ശാല ഭദ്രാസന ദിനം

2023 സെപ്തംബർ 2 ശനിയാഴ്ച പാറശ്ശാല കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് നടന്ന പാറശ്ശാല ഭദ്രാസനത്തിന്റെ രൂപതാ ദിനാഘോഷത്തിൽ ഭദ്രാസന സമിതി അംഗങ്ങൾ പങ്കെടുത്തു. അതിന്റെ ഭാഗമായി ഭദ്രാസന ഡയറക്ടർ ബഹു. പ്രഭീഷ് ജോർജ്ജ്, അസി. ഡയറ

ക്ടർ ബഹു. ഫാ. വിമൽ വിൻസെന്റ്, ആനിമേറ്റർ സി. സീനാ ജോൺ, ജനറൽ സെക്രട്ടറി ജിജോ ഇമ്മാനുവേൽ, സഭാതല പ്രസിഡന്റ് ശ്രീമതി ഏയ്ഞ്ചൽമേരി എന്നിവരുടെ നേതൃത്വത്തിൽ യുവജനങ്ങൾ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് പിതാവിനെ സന്ദർശിക്കുകയും ഭദ്രാസന ചാരിറ്റി ഫണ്ട് കൈമാറുകയും ചെയ്തു.


## അസ്സീസിയൻ ഹെസദ് & അസ്സീസിയൻ സൗഹൃദം

മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ യുവജനപ്രസ്ഥാനമായ എം.സി.വൈ.എം.ന്റെ സ്വർഗീയ മദ്ധ്യസ്ഥനായ അസ്സീസിയിലെ വി. ഫ്രാൻസിസിന്റെ തിരുന്നാളിനോടനുബന്ധിച്ചു നടക്കുന്ന യുവജന ദിനത്തിന്റെ ഭദ്രാസനതല ദിനാഘോഷമായ അസ്സീസിയൻ ഹെസദും അസ്സീസിയൻ സൗഹൃദതീരവും സംയുക്തമായി 2023 ഒക്ടോബർ 1 ഞായറാഴ്ച അടിമലത്തുറ പാസ്റ്ററൽ സെന്ററിൽ വച്ച് നടക്കുന്നതാണ്. ഓൺലൈൻ രജിസ്ട്രേഷൻ നടത്തുന്ന എല്ലാ യുവജനങ്ങൾക്കും അതിൽ പങ്കെടുക്കാവുന്നതാണ്.

## അസ്സീസിയൻ കലോത്സവം

പാറശ്ശാല ഭദ്രാസനത്തിലെ യുവജനങ്ങളുടെ കലാവാസന പ്രോത്സാഹിപ്പിക്കാനായി സംഘടിപ്പിക്കുന്ന അസ്സീസിയൻ കലോത്സവത്തിന്റെ ഭദ്രാസനതല മത്സരങ്ങൾ 2023 ഒക്ടോബർ 23 തിങ്കളാഴ്ച ബാലരാമപുരം നസ്രത്ത് ഹോം സ്കൂളിൽ വച്ച് നടക്കുന്നതാണ്.

## ആശംസകൾ



എം.സി.വൈ.എം. പാറശ്ശാല ഭദ്രാസനത്തിന്റെ ജനറൽ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട നെയ്യാറ്റിൻകര വൈദിക ജില്ലയിലെ റസ്സൽപുരം ഇടവകാംഗമായ ശ്രീ. ജിജോ ഇമ്മാനുവേലിന് ഭദ്രാസന യുവജന കുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ!

# എം.സി.എ.



## മാർ ഈവാനിയോസ് അനുസ്മരണം



പാറശ്ശാല ഭദ്രാസന മലങ്കര കാത്തലിക് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ ദൈവദാസൻ മാർ ഈവാനിയോസ് അനുസ്മരണവും വിദ്യാഭ്യാസത്തിൽ ഉന്നതവിജയികളെ ആദരിക്കലും 2023 ആഗസ്റ്റ് 6–ാം തീയതി ഞായറാഴ്ച നെയ്യാറ്റിൻകര വൈദിക ജില്ലയിലെ ചായ്ക്കോട്ടുകോണം ഇടവകയിൽ വച്ച് ഉച്ചയ്ക്ക് 2.30 ന് ദിവ്യകാരുണ്യ ആരാധനയോടെ സമാരംഭിച്ചു. ദിവ്യകാരുണ്യ ആരാധനയ്ക്ക് എം.സി.എ. കാട്ടാക്കട വൈദികജില്ലാ ഡയറക്ടർ ബഹുമാനപ്പെട്ട അബിൻ മുല്ലയ്ക്കൽ അച്ചൻ നേതൃത്വം നൽകി. തുടർന്ന് റവ. ഡോ മരിയദാസ് ഒ.ഐ.സി. അച്ചൻ പുണ്യശ്ലോകനും ഭാഗ്യസ്മരണാർഹനുമായ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനെ പറ്റി അനുസ്മരണ പ്രഭാഷണം നടത്തി.

തുടർന്ന് നടന്ന പൊതുസമ്മേളനം പാറശ്ശാല ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് പിതാവ് ഉദ്ഘാടനം ചെയ്തു സംസാരിച്ചു. ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർഥികൾക്ക് മെമെന്റോ നൽകി ആദരിച്ചു. മോഹനൻ കണ്ണറവിള അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ഭദ്രാസന ഡയറക്ടർ റവ. ഫാ. തോമസ് പൊറ്റപുരയിടം, വെരി. റവ. ഡോ. പ്രഭീഷ് ജോർജ്ജ്, വെരി. റവ. ഡോ. ബിജോയ്




ഊരാളിവിള, വെരി റവ. ഫാ. ജോൺ പോൾ ഒ.ഐ.സി., ജനറൽ സെക്രട്ടറി പൂവച്ചൽ രാജേന്ദ്രൻ, സഭാതല ജനറൽ സെക്രട്ടറി ധർമ്മരാജ് പിൻകുളം, ആനിമേറ്റർ റവ. സി. മേഴ്സി തോമസ്, ഭദ്രാസന ട്രഷറർ സുമനലാൽ ചെമ്പൂർ, ശ്രീമതി ജെസി ജോസ്, നെയാറ്റിൻകര വൈദിക ജില്ലാ പ്രസിഡന്റ് അനീഷ് എസ്. വടകര എന്നിവർ സംസാരിച്ചു

## പ്രതിഷേധ കൂട്ടായ്മ

പാറശ്ശാല ഭദ്രാസന എം.സി.എ. യുടെ നേതൃത്വത്തിൽ 2023 ആഗസ്റ്റ് 6-ാം തീയതി ഞായറാഴ്ച, 2 മണിക്ക് ചായ്ക്കോട്ടുക്കോണം ഇടവകയുടെ മുമ്പിൽ മണിപ്പൂർ വിഷയത്തിൽ പ്രതിഷേധ കൂട്ടായ്മ സംഘടിപ്പിച്ചു.

---

# കെ.സി.എസ്.എൽ.

---

## കെ.സി.എസ്.എൽ. വാർഷികം

കെ.സി.എസ്.എൽ. പാറശ്ശാല ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ ആനിമേറ്റേഴ്സ് & ലീഡേഴ്സ് മീറ്റ് 2023 ജൂലൈ 17-ാം തീയതി ചൊവ്വാഴ്ച ബാലരാമപുരം നസറത്ത് ഹോം സ്കൂളിൽ വച്ച് സംഘടിപ്പിച്ചു.

ആഗസ്റ്റ് 15-ാം തീയതി പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗ്ഗാരോഹണ തിരുനാളിനോടനുബന്ധിച്ച് എല്ലാ യൂണിറ്റുകളിലും ജപമാല പ്രാർത്ഥനയും മീറ്റിംഗുകളും സംഘടിപ്പിച്ചു.



# Kshema Integrated Development Society (KIDS)

## അന്താരാഷ്ട്ര ചെറു ധാന്യ വർഷാചരണം

2023 ജൂലൈ 30-ാം തീയതി തിരുവനന്തപുരം ഗാന്ധിഭവനിൽ വച്ച് നടത്തിയ അന്താരാഷ്ട്ര ചെറുധാന്യ വർഷാചരണത്തോടനുബന്ധിച്ച്, കേരള വില്ലേജ് മിഷൻ സംഘടിപ്പിച്ച ശില്പശാലയിൽ, ക്ഷേമയിൽ നിന്നും ശ്രീ. അനീഷ്, ഫാ. ജോർജ്ജ് വെട്ടിക്കാട്ടിൽ എന്നിവർ പങ്കെടുത്തു. ആരോഗ്യപൂർണമായ ജീവിതത്തിനും ജീവിതശൈലി രോഗങ്ങളെ പ്രതിരോധിക്കുന്നതിനും ചെറുധാന്യങ്ങൾ ഭക്ഷണശീലത്തിൽ ഉൾപ്പെടുത്തേണ്ടതിനെക്കുറിച്ച് ഡോ. ഖാദർ വാലി ക്ലാസ് നയിക്കുകയുണ്ടായി.

## ബോധവൽക്കരണ റാലി

അമ്പിലികോണം ഇടവകയുടെ ആഭിമുഖ്യത്തിൽ 2023 ജൂലൈ 30-ാം തീയതി ഒരു ലഹരി വിരുദ്ധ സെമിനാറും റാലിയും സജീവം ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി സംഘടിപ്പിച്ചു.

നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയുടെ കൗൺസിലർ ശ്രീ ജോസ് ഫ്രാങ്ക്ളിൻ പരിപാടി ഉദ്ഘാടനം ചെയ്തു. ഫാ. ജോൺ പുന്നാര ഫാ. ജോർജ്ജ് വെട്ടിക്കാട്ടിൽ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. യൂണിറ്റ് ഡയറക്ടർ ഫാ. വർഗീസ് നടുതല, ശ്രീ. ജെയിംസ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

## ആശാകിരണം ധനശേഖരണം

ഓണത്തോടനുബന്ധിച്ച് ആശാകിരണം ക്യാൻസർ കെയർ പദ്ധതിക്കായി ചിപ്സ് വില്പ്പനയിലൂടെ ധനശേഖരണം നടത്തുകയുണ്ടായി. 8 യൂണിറ്റുകളാണ് ഇതിൽ പങ്കാളികളായത്. പങ്കെടുത്ത എല്ലാവർക്കും നന്ദി.

## സജീവം അവലോകനയോഗം

കാരിത്താസ് ഇന്ത്യയുടെ നേതൃത്വത്തിൽ പി.ഒ.സി.യിൽ വച്ച് നടന്ന സജീവം അവലോകനയോഗത്തിൽ ക്ഷേമയിൽ നിന്നും ശ്രീ. ജോയ് ഫ്രാൻസിസ് പങ്കെടുത്ത് റിപ്പോർട്ട് അവതരിപ്പിക്കുകയുണ്ടായി. കാരിത്താസ് ഇന്ത്യാ ഡയറക്ടർ ഫാ. പോൾ മൂഞ്ഞേലി, പി.ഒ.സി. ഡയറക്ടർ ഫാ. ജേക്കബ് പാലയ്ക്കപ്പിള്ളി, കെ.എസ്.എസ്.എഫ്. ഡയറക്ടർ ഫാ. ജേക്കബ് മാവുങ്കൽ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

## ദർശൻ വാർഷിക പൊതുയോഗം

കേരള സോഷ്യൽ സർവീസ് ഫോറത്തിന്റെ ഭാഗമായുള്ള വനിതാ സംഘടനയായ ദർശന്റെ വാർഷിക പൊതുയോഗം 2023 സെപ്തംബർ 10-ാം തീയതി കോട്ടയം ആമോസ് സെന്ററിൽ വച്ച് സംഘടിപ്പിക്കുകയുണ്ടായി. ക്ഷേമയിൽ നിന്നും ശ്രീമതി മഞ്ജു രാജൻ, ശ്രീമതി പ്രവിത എന്നിവർ പങ്കെടുക്കുകയുണ്ടായി.

## S.H.G. ലീഡേഴ്സ് മീറ്റിംഗ്

2023 സെപ് തംബർ 10-ാം തീയതി കൊടങ്ങാവിള ക്ഷേമയുടെ ഓഫീസിൽ വച്ച് S.H.G. ഫെഡറേഷൻ ഭാരവാഹികളുടെ ഒരു യോഗം സംഘടിപ്പിക്കുകയുണ്ടായി. നാളിതുവരെയുള്ള പ്രവർത്തനങ്ങളെ അവലോകനം ചെയ്തതോടൊപ്പം പുതിയ പദ്ധതികൾ ആലോചിക്കുന്നതിനും ഈ കൂടിവരവ് സഹായിച്ചു. എല്ലാ യൂണിറ്റിനും ഒരു പ്രവർത്തന ഫണ്ട് സ്വരൂപിക്കുന്നതിന്റെ ഭാഗമായി ഇടവകകൾ തോറും ചെറിയ രീതിയിൽ സൺഡേ മാർക്കറ്റ് ആരംഭിക്കുന്നതിനും യോഗം തീരുമാനമെടുത്തു.

## സജീവം ലഹരി വിരുദ്ധ ക്യാമ്പയിൻ

കാരിത്താസ് ഇന്ത്യയുടെയും കേരള സോഷ്യൽ സർവീസ് ഫോറത്തിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ നടന്നുവരുന്ന സജീവം ലഹരി വിരുദ്ധ ക്യാമ്പയിനിന്റെ ഭാഗമായി, പാറശ്ശാല ഭദ്രാസന സോഷ്യൽ സർവീസ് പ്രസ്ഥാനമായ ക്ഷേമ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് സൊസൈറ്റി, പാറശ്ശാല ഭദ്രാസന കെ.സി.എസ്.എൽ. പ്രസ്ഥാനവുമായി സഹകരിച്ചുകൊണ്ട്, 28-07-2023 വെള്ളിയാഴ്ച, നെല്ലിമൂട് സെന്റ് ക്രിസോസ്റ്റം ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ ലഹരി വിരുദ്ധ




ബോധവൽക്കരണ സെമിനാർ സംഘടിപ്പിക്കുകയുണ്ടായി. കെ.സി. എസ്.എൽ. രൂപതാ ഡയറക്ടർ, ഫാ. ജെറോം കുന്നിൻ പുറത്ത് ആമുഖ സന്ദേശം നൽകി. ക്ഷേമയുടെ എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജോർജ്ജ് വെട്ടിക്കാട്ടിൽ ക്ലാസുകൾ കൈകാര്യം ചെയ്തു. പാറശ്ശാല ഭദ്രാസന കെ.സി.എസ്.എൽ. പ്രസിഡന്റ് ശ്രീ. ജോയ് ഫ്രാൻസിസ് മുല്ലശ്ശേരി, ജനറൽ ഓർഗനൈസർ റവ. സിസ്റ്റർ സാന്ത്വന ഡി.എം., കെ.സി.എ സ്.എൽ. പാറശ്ശാല ഭദ്രാസന ചെയർമാൻ കുമാരി സിയാന ശ്യാം എന്നിവർ സന്ദേശം നൽകുകയും ആശംസകൾ അർപ്പിക്കുകയും ചെയ്തു. യൂണിറ്റ് ജനറൽ ഓർഗനൈസർ, റവ. സിസ്റ്റർ സംപ്രീത ഡി.എം. സ്വാഗതവും വൈസ് പ്രസിഡന്റ് ശ്രീ. സോജു നെല്ലിക്കാട് നന്ദി പ്രകാശനവും നടത്തി.

## മാതൃവേദി

### കെ.സി.ബി.സി. വിമൻസ് ദിനാഘോഷം




കെ.സി.ബി.സി. വിമൻസ് കമ്മീഷന്റെ നേതൃത്വത്തിൽ വിമൻസ് ദിനാഘോഷം 2023 മാർച്ച് 4-ാം തീയതി, പട്ടം കാതോലിക്കേറ്റ് സെന്ററിൽ വച്ച് നടന്നു. പ്രസ്തുത സംഗമത്തിൽ പാറശ്ശാല ഭദ്രാസന ഭാരവാഹികൾ പങ്കെടുത്തു.

### സഭാതല പുനർരൂപീകരണവും നിയമാവലി പ്രകാശനവും

'മദേർസ് ഫോറം' സഭാതല പുനർരൂപീകരണവും നിയമാവലി പ്രകാശനവും MCMF എന്ന പുതിയ പേര് ഉദ്ഘാടനവും സിനഡൽ കമ്മീഷന്റെയും ഭദ്രാസന ഡയറക്ടർമാരുടെയും ഭാരവാഹികളുടെ



കൗൺസിലും ജൂൺ 10–ാം തീയതി ശനിയാഴ്ച കാതോലിക്കേറ്റ് സെന്ററിൽ വച്ചു നടന്നു.

പ്രസ്തുത കൂടിവരവിൽ സംഘടനയ്ക്ക് ഒരു പുതിയ ഊർജ്ജം ചെയർമാൻ അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് പിതാവ് നൽകി. 'മാതൃത്വത്തിലൂടെ രക്ഷ' എന്ന വിഷയത്തിൽ ബഹു. സിറിയക് വെച്ചൂർക്കരോട്ട് അച്ചൻ ക്ലാസ്സ് നൽകി പ്രബുദ്ധരാക്കി.

തുടർന്ന്, സഭാധ്യക്ഷൻ അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ തിരുമേനി പുതിയ നിയമാവലി പ്രകാശനം ചെയ്യുകയും സഭാതല പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്ത് അനുഗ്രഹ സന്ദേശം നൽകുകയും ചെയ്തു. അതോടൊപ്പം, സഭാതല ഭാരവാഹികൾ സഭാധ്യക്ഷൻ മുമ്പാകെ പ്രതിജ്ഞ ചൊല്ലി സ്ഥാനം ഏറ്റെടുത്തു. നിയമാവലി സഭാതല ഡയറക്ടർ ഫാ. മാത്യു അറയ്ക്കൽ പരിചയപ്പെടുത്തി. പ്രസ്തുത സംഗമത്തിൽ പാറശ്ശാല ഭദ്രാസന ഭാരവാഹികൾ പങ്കെടുത്തു.

## ദൈവദാസൻ മാർ ഈവാനിയോസ് അനുസ്മരണം

പാറശ്ശാല ഭദ്രാസനത്തിലെ അമ്മമാർക്കായി ദൈവദാസൻ മാർ ഈവാനിയോസ് അനുസ്മരണവും പദയാത്ര ഒരുക്ക ധ്യാനവും കാട്ടാക്കട വൈദിക ജില്ലയുടെ നേതൃത്വത്തിൽ, കാട്ടാക്കട മലങ്കര ഭവനിൽ വച്ച് നടത്തപ്പെട്ടു. ബഹു. സിസ്റ്റർ ദീപ ജോസ് ഡി.എം. അനുസ്മരണ യോഗവും ഒരുക്ക ധ്യാനവും നയിച്ചു.

## മാതൃ ദിനാചരണവും ഓണാഘോഷവും



MCMF ന്റെ, മാതൃ ദിനാചരണം, സ്വർഗീയ മദ്ധ്യസ്ഥയായ വി. മോനിക്കയുടെ തിരുന്നാൾ ദിനമായ ഓഗസ്റ്റ് മാസം 27 ന്, ഭദ്രാസനത്തിലെ ചെമ്പൂര് സെന്റ്. ജോസഫ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ ഭദ്രാസന ഡയറക്ടർ ബഹു. ജോസ് പാറയിൽകട അച്ചൻ വി. കുർബ്ബാന അർപ്പിക്കുകയും തുടർന്ന്, പ്ലാംപഴിഞ്ഞി കരുണാ ഭവനിലുള്ള അമ്മമാരെ ആദരിക്കുകയും ചെയ്തു. അതേത്തുടർന്ന്, നെയ്യാറ്റിൻകര വൈദിക ജില്ലയുടെ നേതൃത്വത്തിൽ ഓണാഘോഷവും കരുണാ ഭവനിൽ വച്ച് നടന്നു. കാട്ടാക്കട വൈദിക ജില്ലയുടെ ഓണാഘോഷം ഓഗസ്റ്റ് മാസം 20 ന് തൂങ്ങാംപാറ ദൈവാലയത്തിൽ വച്ച് നടന്നു.




## വേദവാക്യ രചനാമത്സരം

MCMF (മാതൃവേദി) ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ 2023 സെപ്തംബർ 17-ാം തീയതി ഞായറാഴ്ച ജില്ലാ കേന്ദ്രങ്ങളിൽ വച്ച് വേദവാക്യ രചനാമത്സരം സംഘടിപ്പിക്കുന്നു.

നിർദേശങ്ങൾ

1. പഠന ഭാഗം - ലോഗോസ് ക്വിസ് ഭാഗത്ത് നിന്നുമുള്ള പൂർണ്ണ വാക്യങ്ങൾ.
2. സമയം - 20 മിനിറ്റ്. ( ഈ സമയത്തിനുള്ളിൽ പരമാവധി പൂർണ്ണ വാക്യങ്ങൾ എഴുതണം).
3. രജിസ്ട്രേഷൻ - 10 രൂപ.

---



# സുവിശേഷസംഘം

## സുവിശേഷസംഘം യോഗം

പാറശ്ശാല ഭദ്രാസനത്തിലെ സുവിശേഷ സംഘാംഗങ്ങൾ 2023 സെപ്തംബർ 6-ാം തീയതി പാറശ്ശാല കത്തീഡ്രൽ ദൈവാലയത്തിൽ ഒരുമിച്ചുകൂടി. പുതിയ ഡയറക്ടറായി ബഹു. ജോഷ്വാ അച്ചനും ആനിമേറ്ററായി ബഹു. ലിന്റാ പോൾ സിസ്റ്ററും ചുമതലയേറ്റു.





കെ.സി.എസ്.എൽ. പാറശ്ശാല ഭദ്രാസന ആനിമേറ്റേഴ്സ് & ലീഡേഴ്സ് മീറ്റ് 2023



പാറശ്ശാല ഭദ്രാസനത്തിലെ സുവിശേഷ സംഘാംഗങ്ങൾ



ആഗസ്റ്റ് മാസം 14, 15 തീയതികളിൽ കൊടങ്ങാവിളയിൽ വച്ച് നടന്ന
വിവാഹ ഒരുക്ക സെമിനാറിൽ പങ്കെടുത്തവർ

Design & Layout : Syam, Nia Graphics, Chowara 9747 044 811




94 – ാം പുനരൈക്യ വാർഷികാഘോഷത്തിന് ആതിഥേയത്വം വഹിക്കുന്ന പാറശ്ശാല ഭദ്രാസനത്തിനുവേണ്ടി ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്ത കാതോലിക്കാ പതാക അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവായിൽ നിന്നും ഏറ്റുവാങ്ങുന്നു.

Printed and Published by Very Rev. Fr. Bijoy Ooralivila (*Chancellor*)
Diocese of Parassala, Catholic Bishop's House
Kudayal, Ayira P.O., Parassala, Kerala, India 695 502